പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1478 | 03.10.2016 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.ബി.സത്യൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) അംഗൻവാടികളിൽ ഹെൽപ്പർ, വർക്കർ തസ്തികയിൽ ജോലി ചെയ്ത് വിരമിച്ചവർക്ക് എന്തെല്ലാം തരത്തിലുള്ള പെൻഷൻ ആനുകൂല്യങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ; | (എ) അങ്കണവാടികളിൽ ഹെൽപ്പർ, വർക്കർ തസ്തികകളിൽ ജോലി ചെയ്ത് വിരമിച്ചവർക്ക് അവർ ക്ഷേമനിധിയിൽ അടച്ച തുകയും ഓരോ വർഷവും അവർ അടച്ച തുകയുടെ 11% പലിശയും നൽകി വരുന്നു. കൂടാതെ 2003 മാർച്ച് വരെ അവർ ക്ഷേമനിധിയിൽ അടച്ച തുകയുടെ 10% തുകയും 2003 മാർച്ചിനു ശേഷം അവർ ക്ഷേമനിധിയിൽ അടച്ച തുകയ്ക്ക് തുല്യമായ തുകയും (100%) സർക്കാർ വിഹിതമായും നൽകിവരുന്നു. ഇത് കൂടാതെ അങ്കണവാടി വർക്കർമാർക്ക് 15,000/-രൂപയും ഹെൽപ്പർമാർക്ക് 10,000/- രൂപയും ഗ്രാറ്റുവിറ്റി ആയി നൽകുന്നു. വിരമിച്ച അങ്കണവാടി വർക്കർമാർക്ക് പ്രതിമാസം 500/- രൂപ നിരക്കിലും ഹെൽപ്പർമാർക്ക് 300/- രൂപ നിരക്കിലും പെൻഷൻ നൽകി വരുന്നു. |
| (ബി) പെൻഷൻ തുക വർദ്ധിപ്പിച്ചുകൊണ്ട് ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദവിവരവും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ; | (ബി) പെൻഷൻ തുക വർദ്ധിപ്പിച്ചുകൊണ്ട് ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. പെൻഷൻ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) പ്രസ്തുത തസ്തികകളിൽ ജോലി ചെയ്തിരുന്നവർക്ക് ലഭ്യമാകുന്ന പെൻഷൻ ആനുകൂല്യങ്ങൾ കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |

സെക്ഷൻ ഓഫീസർ